**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465** **16-03-2023 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സ് ഐ.ഐ.എം. കോഴിക്കോടുമായി ചേർന്നുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആഗോള തൊഴിൽ സാധ്യത പഠിക്കാൻ നോർക്ക റൂട്ട്സ് ഐ.ഐ.എം. കോഴിക്കോടുമായി ചേർന്ന് പഠനം തുടങ്ങുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>തൊഴിൽ വിപണിയുടെ മാറുന്ന സ്വഭാവം പ്രത്യേകിച്ച് കോവിഡ് കാലത്തിന് ശേഷം, കണ്ടെത്തി ആഗോള തൊഴിൽ സാധ്യത പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി നോർക്ക-റൂട്ട്സ് 2022 സെപ്റ്റംബർ മാസത്തിൽ കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രസ്തുത പഠനറിപ്പോർട്ട് 2023-2024 സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ സമർപ്പിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിദേശ തൊഴിൽ വിപണിയിലെ വ്യവസ്ഥകൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ തൊഴിൽ അന്വേഷകരുടെ നൈപുണിശേഷി വികസനത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>കേരളത്തിലെ യുവതി യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക- റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തി വരുന്നു.<br><br>പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ, നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിങ് ഉദ്യോഗാർത്ഥികൾക്ക് കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് |

| | | | |
|---|---|---|---|
| | | | എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകി വരുന്നു.<br><br>വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവ തൊഴിൽ അന്വേഷകർക്ക് ഈ മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ കോഴ്സുകളിൽ ഐസിറ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. കൂടാതെ റീ ഇന്റഗ്രേഷൻ / റീസ്കില്ലിംഗിന്റെ ഭാഗമായി കേരളത്തിലെ യുവതി / യുവാക്കൾക്കായി IELTS / OET കോഴ്സുകളിൽ നോർക്ക-റൂട്ട്സ് ഐസിറ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. വിവിധ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ജർമനി, യു.കെ. എന്നീ രാജ്യങ്ങളുമായുമുള്ള ധാരണ പ്രകാരം നഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തുന്നതിന് നോർക്കയുടെ റിക്രൂട്ടിംഗ് വിംഗ് ഫലപ്രദമായി ഇടപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്.<br><br>ജർമ്മൻ ഫെഡറൽ എംപ്ലോയമെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനുമായി ധാരണപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജർമ്മനിയിലേക്ക് 2022മാർച്ച് മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 നഴ്സുമാരുടെ ആദ്യ ബാച്ചിന്റെ ജർമ്മൻ ഭാഷാ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. 2022 നവംബർ മാസം രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ജർമ്മൻ ഭാഷാ പരിശീലനം ആരംഭിച്ചിട്ടുണ്ട്. മൂന്നാം ഘട്ട തെരഞ്ഞെടുപ്പ് 2023 ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്നുണ്ട്.<br><br>യു.കെ.യിലേക്ക് നഴ്സിംഗ് / ആരോഗ്യമേഖലയിലേക്കുള്ള റിക്രൂട്ട്മെന്റിന് യു.കെ.യിലെ അംഗീകൃത സംഘടനകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും 2022 നവംബർ മാസത്തിൽ കൊച്ചിയിൽ വെച്ച് യു.കെ. കരിയർ ജോബ് ഫെയർ സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ തൊഴിൽ ദാതാക്കളെ സംഘടിപ്പിച്ച് രണ്ടാം ഘട്ട ജോബ് ഫെയർ താമസിയാതെ തന്നെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ